പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3634 10.04.2013 - ൽ മറുപടിയ്ക്ക്

''സ്നേഹപൂർവ്വം'' പദ്ധതി

ചോദ്യം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ ''സ്നേഹപൂർവ്വം'' പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) യും (ബി) യും | വിവിധ സാഹചര്യങ്ങളാൽ മാതാപിതാക്കൾ നഷ്ടപ്പെടുകയോ അഥവാ മാതാപിതാക്കളിൽ ഒരാൾ മരണ പ്പെടുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ അത്തരം കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ/ ബന്ധു ഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകി സമൂഹത്തിന് പ്രയോജനപ്പെടുന്ന ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ച് നടപ്പാക്കാൻ അനുമതി നല്കിയിട്ടുള്ള പദ്ധതിയാണ് 'സ്നേഹ പൂർവ്വം പദ്ധതി'. സർക്കാർ/ എയ്ഡഡ് സ്ക്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന ബി.പി.എൽ കുടുംബങ്ങളിലോ, ഗ്രാമ പ്രദേശങ്ങളിൽ 20,000/- രൂപ വരെയും നഗര പ്രദേശങ്ങളിൽ 22,375/- രൂപ വരെയും കുടുംബ വാർഷിക വരുമാനമുള്ള കുടുംബത്തിലോ ഉള്ള ഒന്നു മുതൽ ഡിഗ്രി വരെയുള്ള ക്ലാസ്സുകളിലും പ്രൊഫഷണൽ കോഴ്സുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ടി പദ്ധതി പ്രകാരം പ്രതിമാസ ധനസഹായം ലഭ്യമാക്കുക. |
| (ബി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (സി) | ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു |

R. Vijayan

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ - വിവിധ സാഹചര്യങ്ങളാൽ ജീവിതം വഴി മുട്ടുന്ന കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനായി പ്രതിമാസ ധനസഹായം നൽകുന്ന 'സ്നേഹപൂർവ്വം' പദ്ധതി--ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യക്ഷേമ (സി) വകുപ്പ്

സ.ഉ.(എം.എസ്)നം. 36/2012/സാക്ഷവ തിരുവനന്തപുരം, തീയതി:06.06.2012

---

പരാമർശം: കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.05.2012 ലെ 10361/പി 2/12/കെ.എസ്.എസ്.എം. നമ്പർ കത്ത്

## ഉത്തരവ്

സംസ്ഥാനത്ത് വിവിധ സാഹചര്യങ്ങളാൽ ജീവിതം വഴി മുട്ടുന്ന കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനായി പ്രതിമാസ ധനസഹായം നൽകുന്നതിലേയ്ക്കായി 'സ്നേഹപൂർവ്വം' എന്ന പദ്ധതി അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ഡോ.കെ.എം.എബ്രഹാം**

പ്രിൻസിപ്പൽ സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം.

പൊതുഭരണ(എസ്.സി.) വകുപ്പ് (30.05.2012 ലെ 1726 നമ്പർ തീരുമാന പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനും വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനുമായി)

കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

R. Vijayan

സെക്ഷൻ ഓഫീസർ

അനുബന്ധം

## 'സ്നേഹപൂർവ്വം'

## ലക്ഷ്യങ്ങൾ

- സമൂഹത്തിൽ സംരക്ഷിക്കപ്പെടാനില്ലാതെ ഒറ്റപ്പെട്ട ജീവിതം നയിക്കേണ്ടി വരുന്ന കുട്ടികളെ കണ്ടെത്തുക.

- സാമൂഹ്യ സുരക്ഷ ആവശ്യമുള്ള കുട്ടികളുടെ ആവശ്യകത മനസിലാക്കി കുടുംബാംഗങ്ങളുടേയും ബന്ധുക്കളുടേയും സ്നേഹ വാൽസല്യങ്ങളും സംരക്ഷണവും ഉൾക്കൊണ്ടു കൊണ്ട് മാനസിക സന്തോഷം ലഭിക്കുന്ന അന്തരീക്ഷത്തിൽ വേണ്ടപ്പെട്ടവരോടൊത്ത് ജീവിതം നയിക്കുന്നതിന് സഹായിക്കുക.

- സംരക്ഷിക്കാൻ ഉടയവരില്ലാതെ വരുന്ന കുട്ടികളുടെ സംരക്ഷണത്തിന് സൻമനസ് കാട്ടുന്ന കുടുംബാംഗങ്ങൾക്ക്/ ബന്ധുക്കൾക്ക് യാതൊരു അധികഭാരവും ഏൽപ്പിക്കാതെ സംരക്ഷണത്തിന് സാമ്പത്തിക സഹായം നൽകുക.

- ഇത്തരം കുട്ടികളുടെ തുടർ വിദ്യാഭ്യാസം, ആരോഗ്യ പോഷണം, ദൈനംദിന കാര്യങ്ങൾ എന്നിവ തടസ്സം കൂടാതെ മുന്നോട്ടു പോകുന്നതിനും സാമൂഹ്യ പ്രതിബന്ധതയുള്ളവരായും ഉത്തമ പൗരൻമാരായും വളർത്തിയെടുക്കുക.

### നിബന്ധനകൾ

1. രക്ഷകർത്താക്കൾ (അച്ഛനും, അമ്മയും) മരിച്ച കുട്ടികൾ ആയിരിക്കണം. അല്ലെങ്കിൽ മാതാപിതാക്കളിൽ ഒരാൾ മരിച്ച് പോകുകയും ജീവിച്ചിരിക്കുന്ന' ആൾക്ക് ആരോഗ്യപരമായോ, സാമ്പത്തികമായോ, സംരക്ഷിക്കാൻ കഴിവില്ലാത്ത അവസ്ഥ.
2. കുട്ടികൾ സർക്കാർ സ്കൂളുകളിൽ 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവരായിരിക്കണം.
3. കുട്ടിയെ സംരക്ഷിക്കുന്ന കുടുംബം ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെട്ടവരായിരിക്കണം
4. സ്കോളർഷിപ്പോ മറ്റ് സർക്കാർ ആനുകൂല്യങ്ങളോ ലഭിക്കാത്ത കുട്ടികൾ ആയിരിക്കണം.
5. അപേക്ഷകളും അനുബന്ധരേഖകളും സാമൂഹ്യ സുരക്ഷാ മിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ നേരിട്ട് അയയ്ക്കാവുന്നതാണ്.

6. അർഹതപ്പെട്ട അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുവാനുള്ള അധികാരം സുരക്ഷാ മിഷന്റെ ECSB യിൽ നിക്ഷിപ്തമായിരിക്കും

7. ജില്ലാതലത്തിൽ സർക്കാർ നിയമിച്ച ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തികച്ചും അർഹരായ 5 വയസ്സിന് താഴെയുള്ള കുട്ടികളെയും ഈ ധനസഹായത്തിനായി പരിഗണിക്കാം.

## അനുവദിക്കുന്ന സാമ്പത്തിക സഹായം

| | |
|---|---|
| സാമ്പത്തിക സഹായം അനുവദിക്കുന്ന 5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും 1-ാം ക്ലാസു മുതൽ 5-ാം ക്ലാസുവരെയുള്ള കുട്ടികൾക്കും | പ്രതിമാസം 300/- രൂപ വീതം |
| 6-ാം ക്ലാസു മുതൽ 10-ാം ക്ലാസു വരെയുള്ള കുട്ടികൾക്ക് | പ്രതിമാസം 500/- രൂപ വീതം |
| 11 ഉം 12 ഉം ക്ലാസുകളിലെ കുട്ടികൾക്ക് | പ്രതിമാസം 750/- രൂപ വീതം |

## അപേക്ഷ പരിഗണിക്കുന്ന രീതി

1. അപേക്ഷ വാർഡ് കൗൺസിലർ/എം.പി/എം.എൽ.എ./തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധിപർ ജില്ലാതല ഉദ്യോഗസ്ഥരായ ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ/ജില്ലാ പ്രൊബേഷൻ ഓഫീസർ എന്നിവരുടെ ശുപാർശയോടു കൂടി സമർപ്പിക്കാം.

2. നിർദ്ദിഷ്ട അപേക്ഷയോടൊപ്പം കുടുംബ വരുമാനം തെളിയിക്കുന്ന ബി.പി.എൽ സർട്ടിഫിക്കറ്റ്, സ്കൂൾഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ്/പ്രിൻസിപ്പാൾ എന്നിവരിൽ നിന്നും സാക്ഷ്യപ്പെടുത്തിയ വയസ്സ് തെളിയിക്കുന്ന രേഖകൾ, മാതാപിതാക്കൾ നഷ്ടപ്പെട്ടതു സംബന്ധിച്ച മരണസർട്ടിഫിക്കറ്റ്, ശുപാർശ ചെയ്യുന്ന നിർദ്ദിഷ്ട ഉദ്യോഗസ്ഥർ/പ്രതിനിധികളുടെ സാക്ഷ്യപത്രം എന്നിവയുണ്ടായിരിക്കണം

ആദ്യ വർഷത്തിൽ ഏറ്റവും സഹായമർഹിക്കുന്ന 4500 കുട്ടികളെ കണ്ടെത്തി ഈ പദ്ധതിയ്ക്ക് തുടക്കം കുറിക്കാവുന്നതും തുടർന്ന് ഇത്തരം സാഹചര്യങ്ങളിൽപ്പെടുന്നവരേയും സഹായം അർഹിക്കുന്നവരേയും കണ്ടെത്താനും അവരുടെ കുടുംബാംഗങ്ങളുടെ സ്നേഹവാൽസല്യങ്ങളും, ആശ്വാസ വാക്കുകളും, സാന്ത്വന സ്പർശങ്ങളും അനുഭവിച്ചു കൊണ്ടു തന്നെ ജിവിത വിജയം കൈവരിക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധതയുള്ളവരായി കുട്ടികളെ വളർത്തുന്നതിനു വേണ്ട ക്രിയാത്മകമായ നടപടികളും സഹായങ്ങളും സുരക്ഷാ മിഷന് സ്വീകരിക്കാവുന്നതുമാണ്.

33

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ - വിവിധ സാഹചര്യങ്ങളാൽ ജീവിതം പ്രതിസന്ധിയിലായ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനായി പ്രതിമാസ ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി വിപുലീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (എം.എസ്.) നമ്പർ.06/2013/സാനീവ     തിരുവനന്തപുരം , തീയതി, 22.01.2013

---

പരാമർശം:- 1. 16.06.2012 ലെ സ.ഉ.(എം.എസ്.) നം. 36/2012/സാക്ഷേവ ഉത്തരവ്

2. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10361/പി1/2012/കെ.എസ്.എസ്.എം. നമ്പർ കത്ത്

ഉത്തരവ്

വിവിധ സാഹചര്യങ്ങളാൽ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ അത്തരം കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ/ബന്ധു ഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് ഉതകുന്ന തരത്തിൽ ആവശ്യമായ പ്രതിമാസ ധനസഹായം നൽകുന്ന 'സ്നേഹപൂർവ്വം പദ്ധതി' പരാമർശം (1) പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ സ്കൂളുകൾക്കു പുറമെ എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കും, ബി.പി.എൽ കുടുംബങ്ങളിലെ കുട്ടികൾക്കു പുറമെ ഗ്രാമ പ്രദേശങ്ങളിൽ 20,000/- രൂപ വരെയും നഗരപ്രദേശങ്ങളിൽ 22,375/- രൂപ വരെയും കുടുംബ വാർഷിക വരുമാനമുള്ള കുട്ടികളെയും ഇത്തരം കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ വീതം നൽകുന്ന വിധത്തിൽ അവരെയും കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് കൂടുതൽ ഗുണകരമായിരിക്കുമെന്ന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളിലെ വിദ്യാർത്ഥികളെ കൂടാതെ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളെയും, ബി.പി.എൽ കുടുംബങ്ങളിലെ കുട്ടികൾക്കുപുറമെ ഗ്രാമ പ്രദേശങ്ങളിൽ 20,000/- രൂപ വരെയും നഗരപ്രദേശങ്ങളിൽ 22,375/- രൂപ വരെയും കുടുംബവാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികളെയും സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി , വിപുലീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) ഇത്തരം കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000/- രൂപ (ആയിരം രൂപ മാത്രം) വീതം ധനസഹായം നൽകുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. കെ.എം. എബ്രഹാം**
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, സോഷ്യൽ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷണൽ കോംപ്ലക്സ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ ആന്റ് ഇ) തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് (16.01.2013 ലെ 2926 നമ്പർ തീരുമാനം)
വിവര പൊതുഭരണ സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനും വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനായി)
ധനകാര്യ വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്
ഉന്നത വിദ്യാഭ്യാസ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

R. Vijayan

സെക്ഷൻ ഓഫീസർ